"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഗവൺമെന്റ് സെക്രട്ടേറിയറ്റ് – പ്രധാന കെട്ടിടവളപ്പിൽ സെക്രട്ടേറിയറ്റിലെ സർക്കാർ വാഹനങ്ങൾക്കായി 60 KW ഇലക്ട്രിക് വെഹിക്കിൾ ചാർജർ സ്ഥാപിച്ചയിനത്തിലെ അന്തിമ ബിൽ തുക നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ-എ) വകുപ്പ്

സ.ഉ.(സാധാ) നം.2046/2026/GAD തീയതി,തിരുവനന്തപുരം, 29-04-2026

---

പരാമർശം:- 1. സ.ഉ.(സാധാ)നം.712/2026/പൊ.ഭ.വ തിയതി 13-02-2026

2. കെൽട്രോൺ മാനേജർ & ഹെഡ്, REEG, ശ്രീ രാജീവ്.എം സമർപ്പിച്ച 26/03/2026 ലെ REEG/01118/25-26 നമ്പർ ബിൽ.

**<u>ഉത്തരവ്</u>**

ഗവൺമെന്റ് സെക്രട്ടേറിയറ്റ് പ്രധാന കെട്ടിടവളപ്പിൽ, സെക്രട്ടേറിയറ്റിലെ സർക്കാർ വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി ഉപയോഗിച്ചിരുന്ന ചാർജ്ജിംഗ് സ്റ്റേഷൻ പ്രവർത്തനരഹിതമായതിനാൽ, മാറ്റി ബൈബാക്ക് വ്യവസ്ഥയിൽ 60 KW ഇലക്ട്രിക് വെഹിക്കിൾ ചാർജർ സ്ഥാപിക്കുന്നതിന് ആകെ ₹4,93,000/- (നാല് ലക്ഷത്തി തൊണ്ണൂറ്റിമൂവായിരം മാത്രം) രൂപ ചെലവിൽ, പരാമർശം (1) പ്രകാരം കെൽട്രോണിന് ഭരണാനുമതി നൽകിയിരുന്നു.

60 KW ഇലക്ട്രിക് വെഹിക്കിൾ ചാർജറിന്റെ സപ്ലൈ, ഇൻസ്റ്റാളേഷൻ & കമ്മീഷനിങ് പ്രവൃത്തികൾ 27/03/2026-ൽ പൂർത്തിയായതിനാൽ അന്തിമ ബിൽ തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് കെൽട്രോൺ കത്തും ബില്ലും സമർപ്പിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സെക്രട്ടേറിയറ്റിലെ സർക്കാർ വാഹനങ്ങൾക്കായി 60 KW ഇലക്ട്രിക് വെഹിക്കിൾ ചാർജർ സ്ഥാപിച്ച ഇനത്തിൽ അന്തിമ ബിൽ തുകയായ ₹4,93,000/- (നാല് ലക്ഷത്തി തൊണ്ണൂറ്റിമൂവായിരം മാത്രം) രൂപ നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പൊതുഭരണ (അക്കൗണ്ട്സ്-എ) വകുപ്പ് അണ്ടർ സെക്രട്ടറി ***"2052-090-99-00-17-Minor Works"*** എന്ന കണക്കിനത്തിൽ നിന്നും **₹4,93,000/-** (നാല് ലക്ഷത്തി തൊണ്ണൂറ്റിമൂവായിരം മാത്രം) രൂപ മാറി, താഴെ പറയും പ്രകാരം വിതരണം ചെയ്യേണ്ടതാണ്.

(എ) ആദായ നികുതി റ്റി.ഡി.എസ് (2%) ഇനത്തിൽ **₹9,466/-** (ഒൻപതിനായിരത്തി നാണൂറ്റി അറുപത്തി ആറ്) രൂപ ഈടാക്കി, ബന്ധപ്പെട്ട കണക്കിനത്തിൽ അടയ്ക്കേണ്ടതാണ് **(PAN:-AABCK1319E)**.

(ബി) ₹ **4,83,534/-** (നാല് ലക്ഷത്തി എൺപത്തി മൂവായിരത്തി അഞ്ഞൂറ്റി മുപ്പത്തി നാല്) രൂപ ശേഷിക്കുന്ന തുക കെൽട്രോണിന്റെ പേരിലുള്ള **10183255263** (IFS കോഡ് - **SBIN0004350**) നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രിയമോൾ എം പി
അഡിഷണൽ സെക്രട്ടറി

ജനറൽ മാനേജർ, കെൽട്രോൺ റിനീവബിൾ എനർജി ഗ്രൂപ്പ്,
കരകുളം,തിരുവനന്തപുരം-695564

അസിസ്റ്റന്റ് എഞ്ചിനീയർ, പൊതുമരാമത്ത് വൈദ്യുത വിഭാഗം, ഗവൺമെന്റ് സെക്രട്ടേറിയറ്റ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുഭരണ (അക്കൗണ്ട്സ്-എ) വകുപ്പ് (അസൽ ബിൽ സഹിതം).

ട്രഷറി ഓഫീസർ, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്.

കരുതൽ ശേഖരം / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manojkumar M
സെക്ഷൻ ഓഫീസർ
Date: 29-04-2026 19:19:52